വാർത്താക്കുറിപ്പ്
**2026 ഒക്ടോബർ 16**

എം.ജി.യു. ക്യാമ്പസ് കലോത്സവങ്ങൾ നവംബർ **12** മുതൽ **17** വരെ

മഹാത്മാഗാന്ധി സർവകലാശാലാ അന്തർകലാലയ യുവജനോത്സവം 2026–27-ൽ പങ്കെടുക്കുന്നതിനുള്ള പ്രതിഭകളെ കണ്ടെത്താനുള്ള സ്ഥാപനതല കലോത്സവങ്ങൾ നവംബർ 12 മുതൽ 17 വരെ നടക്കും. സ്വയംഭരണ കോളജുകളടക്കം സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളജുകൾ, സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്, മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസ് എന്നിവിടങ്ങളിലാണ് കലോത്സവങ്ങൾ നടക്കുക. വിശദമായ നോട്ടിഫിക്കേഷൻ വെബ്സൈറ്റിൽ.

പി.ആർ.ഓ./938/2026

പരീക്ഷാഫലം

നാലാം വർഷ ബി.എസ്.സി. നഴ്സിംഗ് ലാസ്റ്റ് ആന്റ് ഫൈനൽ സ്പെഷ്യൽ മേഴ്സി ചാൻസ് (2012ന് മുൻപുള്ള അഡ്മിഷനുകൾ) ഏപ്രിൽ 2025 പരീക്ഷാഫലവും, ഓൾഡ് സ്കീം സ്പെഷ്യൽ സപ്ലിമെന്ററി (2012-2015 അഡ്മിഷൻസ്) മെയ് 2025 പരീക്ഷാഫലവും പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 31 വരെ പരീക്ഷാകൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പി.ആർ.ഓ./939/2026

പരീക്ഷാതീയതി

മൂന്നാം സെമസ്റ്റർ ഐ.എം.സി.എ. (2025 അഡ്മിഷൻ റഗുലർ/2020-24 അഡ്മിഷൻസ് സപ്ലിമെന്ററി) ഒക്ടോബർ 2026 പ്രാക്ടിക്കൽ പരീക്ഷകൾ 2026 നവംബർ 16 മുതൽ 19 വരെ തീയതികളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

പി.ആർ.ഓ./940/2026

പബ്ലിക് റിലേഷൻസ് ഓഫീസർ